Email : Keralarcs@coop.kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ബി(1)37031/2009

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 12/04/2012

## സർക്കുലർ നമ്പർ 16/12

വിഷയം:- സഹകരണ വകുപ്പ് - ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്നതിലെ അപാകത/ കാലതാമസം മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതു സംബന്ധിച്ച്.

സൂചന:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 58/2008 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 44/2009 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 3/2010 നമ്പർ സർക്കുലർ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 25/2010 നമ്പർ സർക്കുലർ.
5. സഹകരണ സംഘം രജിസ്ട്രാറുടെ 32/2011 നമ്പർ സർക്കുലർ.
6. സഹകരണ സംഘം രജിസ്ട്രാറുടെ 68/2011 നമ്പർ സർക്കുലർ.
7. സർക്കാരിന്റെ 07.12.11 ലെ സ.ഉ.(എം.എസ്)/306/11/ത:സ്വ:ഭ:വ. നമ്പർ ഉത്തരവ്.
8. സർക്കാരിന്റെ 20.03.12 ലെ സ.ഉ.(ആർ.റ്റി)നം.819/12/ത:സ്വ:ഭ:വ. നമ്പർ ഉത്തരവ്.

വാസയോഗ്യമായ പാർപ്പിടം ഇല്ലാത്ത എല്ലാ ദാരിദ്ര കുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാരിന്റെ 24.06.08 ലെ സ.ഉ.(എം.എസ്)/174/08/ ത:സ്വ:ഭ:വ. നമ്പർ ഉത്തരവുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ് ഭവന പദ്ധതി പ്രോജക്ടുകൾക്ക് സഹകരണ പ്രസ്ഥാനത്തിന്റെ സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്ത് സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പ നൽകുന്നതിന് പരാമർശം 1 മുതൽ 6 വരെ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയിട്ടുള്ള പ്രോജക്ടുകൾ അംഗീകരിച്ച് ധാരണാപത്രത്തിൽ ഏർപ്പെട്ടതിനുശേഷവും, ഗഡുക്കൾ നൽകിയ ശേഷവും സംഘങ്ങളിൽ/ബാങ്കുകളിൽ മതിയായ ഫണ്ട് ലഭ്യമായിരുന്നിട്ടും പല സംഘങ്ങൾ/ബാങ്കുകളും തുക നൽകാതിരിക്കുന്നതായും തുക നൽകുന്നതിൽ അകാരണമായ കാലതാമസം വരുത്തുന്നതായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഗുണഭോക്താക്കളിൽ നിന്നും നിവേദനങ്ങൾ ലഭിക്കുകയും പരിശോധനയിൽ ഇക്കാര്യം ശരിയാണെന്നും ബോധ്യപ്പെട്ടിട്ടുമുണ്ട്.

സ്വന്തമായി പാർപ്പിടം ഇല്ലാത്ത എല്ലാ ദാരിദ്ര കുടുംബങ്ങൾക്കും പാർപ്പിടം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതിയ്ക്ക് മുൻഗണന നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പുതിയ വീടുകളുടെ നിർമ്മാണം ജീർണിച്ച വീടുകളുടെ ഗുണമേന്മ

മെച്ചപ്പെടുത്തി വാസയോഗ്യമാക്കൽ എന്നീ ലക്ഷ്യത്തോടെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നുണ്ടെങ്കിലും ഓരോ വർഷവും വളരെ കുറച്ച് ഗുണഭോക്താക്കൾക്കു മാത്രമേ ടി പദ്ധതികൾ പ്രകാരം ധനസ ഹായം നൽകുവാൻ കഴിയുന്നുള്ളൂ എന്ന കാര്യം വിലയിരുത്തിയാണ് ടി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുപരിയായി പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കു ന്നതിനായി 11-ാം പദ്ധതിയിലൂടെ ഇ.എം.എസ്. ഭവന പദ്ധതിയ്ക്ക് സർക്കാർ വിഭാവനം നൽകിയിട്ടുള്ളത്.

ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതും, വിനിയോഗം പരിശോധിക്കുന്നതും, പദ്ധതി നടത്തിപ്പും, മുതലും പലിശയും നൽകുന്നതും സംബന്ധിച്ച് സർക്കാർ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വായ്പ ആവശ്യമാള്ള പക്ഷം, സഹകരണ ബാങ്കുക ളിൽ നിന്നും വായ്പയെടുക്കുന്നതിന് മുൻഗണന നൽകണമെന്നും, സഹകരണ ബാങ്കുക ളിൽ നിന്നും വായ്പ ലഭിക്കുന്നില്ലെങ്കിൽ മാത്രമേ മറ്റു ബാങ്കുകളെ പരിഗണിക്കാവൂ എന്നും മാർഗ്ഗ നിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിലാണ് ഇ.എം.എസ്. ഭവന പദ്ധതി നടത്തിപ്പിലേയ്ക്ക് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി വായ്പ നൽകു ന്നതിന് സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി തീരുമാനം സ്ഥാപനവുമായുള്ള ധാരണാപത്രം/കരാർ തുടങ്ങി വായ്പാ വിതരണത്തിന് ആവശ്യമായ എല്ലാ നടപടിക്രമ ങ്ങളും വായ്പ അനുവദിക്കുന്നതിന് പാലിക്കണമെന്നും സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ അതാതു സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചു വായ്പ നൽകുവാൻ കഴിയുന്ന പ്രോജക്ട് മാത്രമേ ഏറ്റെടുക്കുവാൻ പാടുള്ളൂ എന്നും വളരെ വ്യക്തമായി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ള സാഹചര്യത്തിൽ വായ്പ നൽകുവാൻ കരാറിൽ ഏർപ്പെട്ട ശേഷവും ഒന്നാം ഗഡു നൽകിയ ശേഷവും ബാക്കി തുക നൽകാതിരിക്കുന്ന ചില ബാങ്കുകളുടെ/സംഘങ്ങ ളുടെ നടപടി ഗുണഭോക്താക്കളെ മറ്റ്ബാദ്ധ്യതകളിലേയ്ക്ക് എത്തിക്കാൻ മാത്രമേ കാരണ മാകൂ. ഈ നടപടി ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതി എന്ന മഹത്തായ പദ്ധതിയുടെ മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനെ തടസ്സപ്പെടുത്തുന്നതും സഹകരണ പ്രസ്ഥാന ത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയ്ക്ക് മങ്ങലേൽപ്പിക്കുന്നതുമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വായ്പയുടെ പലിശ ലഭ്യമാക്കു ന്നതു സംബന്ധിച്ച് സൂചന 7, 8, പ്രകാരം പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചി ട്ടുണ്ട്. ഓരോ പാദത്തിലും നൽകേണ്ട പലിശ എത്രയെന്ന് കണക്കാക്കി അത് ബന്ധ പ്പെട്ട ബജറ്റ് ശീർഷകത്തിൽ നിന്നും മാറി അതാതു ബാങ്കുകൾക്ക് അനുവദിച്ചു നൽകാൻ താഴെ പറയുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സൂചന 7 പ്രകാരം ഉത്തരവു പുറപ്പെടുവി ച്ചിട്ടുണ്ട്.

| <u>തദ്ദേശ സ്വയംഭരണ സ്ഥാപനം</u> | | <u>ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ</u> |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | - | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്തുകൾ | - | അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) |
| മുനിസിപ്പാലിറ്റികളും/ കോർപ്പറേഷനുകളും | - | നഗരകാര്യ ഡയറക്ടർ |
| ജില്ലാ പഞ്ചായത്തുകൾ | - | ഗ്രാമവികസന കമ്മീഷണർ |

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ പലിശയുടെ ഡിമാന്റിനെ സംബന്ധിച്ച വിശദ വിവരങ്ങൾ ഗ്രാമവികസന കമ്മീഷണർക്ക് നൽകി അതനുസരിച്ച് ടി തുക ബാങ്കുകൾക്ക് അനുവദിച്ച് നൽകുന്നതിന് അനുവാദവും ചുമതലയും ഗ്രാമവികസന കമ്മീഷണർക്ക് നൽകി സൂചന(8) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പലിശ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് മേൽ പ്രകാരം സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പലിശ കാര്യത്തിൽ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ വായ്പ നൽകിയിട്ടുള്ള അതാതു സംഘങ്ങൾ/ബാങ്കുകൾ സമീപിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ പദ്ധതിയുടെ നിർവ്വഹണ കാലയളവ് 31.03.12 ആയി ദീർഘിപ്പിച്ചു സൂചന 8 പ്രകാരം നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിലും, കരാറിൽ ഏർപ്പെട്ടതു പ്രകാരം തുടർന്നും, സംഘങ്ങൾ/ബാങ്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പയും ഗഡുക്കളും നൽകുന്നതിൽ കാലതാമസം വരുത്തുവാനോ ഈ പദ്ധതിയ്ക്ക് തടസ്സം സൃഷ്ടിക്കാനോ പാടില്ലാത്തതുമാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ ജോയിന്റ് രജിസ്ട്രാർ ജനറൽമാരും എല്ലാ സംഘം ചീഫ് എക്സിക്യൂട്ടീവിന്റേയും ഭരണസമിതി അംഗങ്ങളുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും ഈ പദ്ധതി നടപ്പാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സം നേരിടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

ഒപ്പ്,
കെ.വി. സുരേഷ് ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)